SUNDAY 10/11/2024 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department

Government of Kerala

Chief Editor: Nizam S A    Editor: Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 10/11/2024

1. നാടൻ പച്ചക്കറി ഇനങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി കേരള കാർഷിക സർവകലാശാലയിൽ സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ സഹായത്തോടെ നടത്തുന്ന പദ്ധതിയിലേക്കായി തനതു പച്ചക്കറി ഇനങ്ങളുടെ വിവരശേഖരണം നടത്തുന്നു. ഇത്തരം ഇനങ്ങൾ കൈവശമുള്ള കർഷക സുഹൃത്തുക്കൾ 7994207268 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക

2. കേരള തൊഴിലാളി ക്ഷേമനിധി ബോർഡിലെ വരിക്കാരായ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യത്തിന് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. 2024-25 അധ്യയന വർഷത്തിൽ എട്ട്, ഒമ്പത്, പത്ത്, പ്ലസ് വൺ ക്ലാസുകൾ മുതൽ ബിരുദ ബിരുദാനന്തര കോഴ്സുകൾ, പ്രൊഫഷണൽ കോഴ്സുകൾ, ഡിപ്ലോമ കോഴ്സുകൾ, കോച്ചിങ്ങ് ഉൾപ്പെടെ പഠിക്കുന്നവർക്ക് അപേക്ഷിക്കാം. മുൻ അധ്യായന വർഷങ്ങളിൽ ആനുകൂല്യം ലഭിച്ചവർ ആനുകൂല്യം പുതുക്കുന്നതിന് അപേക്ഷ ഓൺലൈനായി സമർപ്പിക്കണം. അപേക്ഷകൻ ജോലി ചെയ്യുന്ന സ്ഥാപന ഉടമയുടെ സാക്ഷ്യപത്രം എന്നിവയുടെ മാതൃക വെബ് സൈറ്റിൽ നിന്നും ഡൗൺ ലോഡ് ചെയ്ത് സാക്ഷ്യപ്പെടുത്തിയ ശേഷം അപേക്ഷ സമർപ്പിക്കണം. www.labourwelfarefund.in വെബ്സൈറ്റ് മുഖേന നവംബർ 25നകം അപേക്ഷ സമർപ്പിക്കണം.

3. സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ "സിവിൽ എഞ്ചിനീയർ" തസ്തികയിലേയ്ക്ക് കരാർ നിയമനത്തി നായി ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. വിദ്യാഭ്യാസ യോഗ്യത, തൊഴിൽ പരിഞ്ജാനം, മറ്റ് പ്രധാന

വിശദാംശങ്ങൾക്കുമായി www.kepco.co.in & www.kepconews.blogspot.com വെബ് പോർട്ടൽ സന്ദർശിക്കുക.

4. ജില്ലാ മൃഗസംരക്ഷണ വകുപ്പ്, കേന്ദ്ര സർക്കാരിന്റെ കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയിലൂടെ ഈടില്ലാതെ 1,60,000 രൂപ വായ്പ നൽകുന്നതിന് അപേക്ഷ ക്ഷണിച്ചു. ക്ഷീര കർഷകർ, ആട് കർഷകർ, മുയൽ വളർത്തൽ കർഷകർ, കോഴി കർഷകർ എന്നിവർക്ക് അപേക്ഷിക്കാം. താത്പര്യമുള്ളവർ അതത് മൃഗാശുപത്രികൾ മുഖാന്തിരം അപേക്ഷ സമർപ്പിക്കുക.

5. 2023-24 വർഷങ്ങളിൽ റബർ കൃഷി ചെയ്തവർക്ക് ധനസഹായത്തിന് റബർ ബോർഡിന്റെ www.rubberboard.org.in എന്ന സൈറ്റിൽ നവംബർ 30 വരെ ഓൺലൈനായി അപേക്ഷിക്കാം. 25 സെന്റ് മുതൽ രണ്ടര ഏക്കർ വരെയുള്ള തോട്ടം ഉടമകൾക്ക് അർഹതയുണ്ടായിരിക്കും. അപേക്ഷയോടൊപ്പം തോട്ടത്തിന്റെ സ്വയം തയാറാക്കിയ പ്ലാൻ, ആധാർ ബന്ധിപ്പിച്ച ബാങ്ക് പാസ് ബുക്കിന്റെ അക്കൗണ്ട് നമ്പറും ഐ എ ഫ്എസ്സിയും ഉൾപ്പെട്ട കോപ്പി, ആധാർ കോപ്പി, ഉടമസ്ഥത സർട്ടിഫിക്കറ്റ്, തൈ വാങ്ങിയ ബില്ല്, നോമിനിയുണ്ടെങ്കിൽ അതിന്റെ രേഖ എന്നിവയും സമർപ്പിക്കണം. ഒന്നാം വർഷം തൈ വില ഉൾപ്പെടെ 30,000 രൂപയും മൂന്നാം വർഷം പതിനായിരം രൂപയും ലഭിക്കും.

6. കേരള കാർഷിക സർവകലാശാല, കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എൻജിനീയറിങ് ആൻഡ് ഫുഡ് ടെക്നോളജി തവനൂരിൽ ഒരു പാർട്ട് ടൈം സ്റ്റുഡന്റ് കൗൺസിലറുടെ താൽക്കാലിക ഒഴിവിലേക്ക് കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി 18.11.2024 രാവിലെ 10 മണിക്ക് വാക്ക് ഇൻ ഇൻറർവ്യൂ നടത്തുന്നു. യോഗ്യത: മനശാസ്ത്രം, സോഷ്യൽ വർക്ക്, കൗൺസിലിംഗ് എന്നിവയിൽ ഏതിലെങ്കിലും

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

എം.എ/ എം.എസ്.സി/ എം.എസ്.ഡബ്ല്യു. വിശദവിവരങ്ങൾക്ക് www.kcaet.kau.in,www.kau.in എന്നിവ സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0494 2686214.

. **പരിശീലന പരിപാടി**

7. റബ്ബർനടീലിൽ റബ്ബർബോർഡ് ഓൺലൈൻ പരിശീലനം നടത്തുന്നു. 2024 നവംബർ 12-ന് രാവിലെ 10.30 മണി മുതൽ 12.30 മണി വരെയാണ് പരിശീലനം. പരിശീലനമാധ്യമം മലയാളം ആയിരിക്കും. റബ്ബർനടീൽ, പരിപാലനം എന്നിവ ഉൾപ്പെടുന്നതാണ് പരിശീലനപരിപാടി. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9495928077 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. ഇമെയിൽ: training@rubberboard.org.in

8. റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർപാൽസംഭരണം; സാന്ദ്രീകരണം; ലാറ്റക്സ് കോമ്പൗണ്ടിങ്; ഉത്പന്നങ്ങളുടെ രൂപകൽപന; ഗുണമേന്മാനിയന്ത്രണം; റബ്ബർബാൻഡ്, കൈയ്യുറ, റബ്ബർനൂൽ, ബലൂൺ, റബ്ബർപശ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമ്മാണം എന്നിവയിലുള്ള പരിശീലനം നവംബർ 18 മുതൽ 22 വരെ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ച് നടക്കും. കൂടുതൽ വിവരങ്ങൾക്ക് **9446976726** എന്ന ഫോൺ നമ്പരിലോ **04812353201** എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. E-mail:training@rubberboard.org.in